## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3072 | 13/07/2015 ൽ മറുപടിക്ക് |
|---|---|

## ബാർകോഴകേസിൽ വിജിലൻസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ബാർകോഴ കേസിൽ വിജിലൻസ് ഡയറക്ടർ നാളിതുവരെ അന്വേഷണ റിപ്പോർട്ടുകളിന്മേൽ ആരിൽ നിന്നെല്ലാം നിയമോപദേശം തേടിയിട്ടുണ്ട്; | (എ) യും (ബി) യും | ബാർ കോഴക്കേസ്സിൽ സുപ്രീംകോടതിയിലെ അഭിഭാഷകരായ അറ്റോർണി ജനറൽ ഓഫ് ഇന്ത്യ, സൊളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ എന്നിവരുടെ നിയമോപദേശം തേടുന്നതിനായി വിജിലൻസ് ഡയറക്ടർ ശ്രമിച്ചെങ്കിലും അവർ മറുപടിയൊന്നും നൽകാത്തതിനാൽ സുപ്രീം കോടതിയിലെ ശ്രീ.എൽ.നാഗേശ്വര റാവു, ശ്രീ.മോഹൻ പരാശരൻ എന്നിവരുടെ നിയമോപദേശം തേടിയിട്ടുണ്ട്. ശ്രീ.മോഹൻ പരാശരന്റെ (മുൻ സൊളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ) നിയമോപദേശം 16.06.2015 ലും ശ്രീ.എൽ.നാഗേശ്വര റാവുവിന്റെ (മുൻ അറ്റോർണി ജനറൽ ഓഫ് ഇന്ത്യ) നിയമോപദേശം 22.06.2015 -ലും ലഭിച്ചു. കേസ്സുമായി ബന്ധപ്പെട്ട രേഖകളായതി നാൽ അവ ഹാജരാക്കാൻ നിർവ്വാഹമില്ല. |
| (ബി) | ആരുടെയെല്ലാം നിയമോപദേശങ്ങൾ ഡയറക്ടർക്ക് ലഭിക്കുകയുണ്ടായി ; ഏതെല്ലാം തീയതികളിൽ ; ലഭിച്ച നിയമോപദേശങ്ങളുടെ ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ; | | |
| (സി) | ബാർ കോഴ കേസന്വേഷണം സംബന്ധിച്ച് ഹൈക്കോടതിയിൽ വന്ന ഹർജികൾ തീർപ്പാക്കിക്കൊണ്ട് കോടതി വിജിലൻസിന് നൽകിയ നിർദ്ദേശം എന്തായിരുന്നു ; അത് ഏത് തീയതിയിലായിരുന്നു ; | (സി) | ബാർകോഴ കേസിന്റെ അന്വേഷണ ഘട്ടത്തിൽ 03.12.2014 ൽ ശ്രീ.വി.എസ്.സുനിൽകുമാർ ശ്രീ.പി.കെ.രാജു എന്നിവരുടെ റിട്ട് ഹർജിയിലും ശ്രീ.വിശ്വനാഥൻ നായരുടെ റിട്ട് ഹർജികളും പരിഗണിച്ച് അന്വേഷണ പുരോഗതി കോടതി ആവശ്യപ്പെടുകയും അതു വിലയിരുത്തുകയും അന്വേഷണ ഘട്ടത്തിൽ ഇടപെടേണ്ട സാഹചര്യം ഇല്ലെന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | അന്വേഷണ ഉദ്യോഗസ്ഥൻ വസ്തുതാവിവരണ റിപ്പോർട്ട് ഡയറക്ടർക്ക് സമർപ്പിച്ചത് ഏത് തീയതിയിലായിരുന്നു ; | (ഡി) | 05/06/2015 തീയതിയിൽ |
| (ഇ) | കോടതി നിർദ്ദേശം അനുസരിച്ച്, അന്വേഷണ ഉദ്യോഗസ്ഥന്റെ വസ്തുതാവിവരണ റിപ്പോർട്ട് കിട്ടിയ ഉടൻ ആയത് കോടതിയിൽ സമർപ്പിക്കാതിരുന്നത് എന്തുകൊണ്ടായിരുന്നു ? | (ഇ) | വസ്തുതാവിവരണ റിപ്പോർട്ട് കിട്ടിയതിനു ശേഷം ആയത് വിജിലൻസ് അഡീഷണൽ പോലീസ് ഡയറക്ടർ ജനറലും വിജിലൻസ് ഡയറക്ടറും നിലവിലെ നടപടിക്രമമനുസരിച്ച് പരിശോധിക്കുകയുണ്ടായി. ക്രിമിനൽ പ്രൊസിജീയർ കോഡിലെ വകുപ്പ് 38 പ്രകാരവും ബഹു.സുപ്രീംകോടതിയുടെ കിഷൻഭായി Vs. സ്റ്റേറ്റ് ഓഫ് ഗുജറാത്ത് (ക്രിമിനൽ അപ്പീൽ നമ്പർ 1455 ഓഫ് 2008) പ്രകാരവും അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകൾ സൂക്ഷ്മമായി പരിശോധിച്ച് നിയമപരവും വസ്തുതാപരവുമായ പോരായ്മകളോ വീണ്ടും അന്വേഷണ വിധേയമാക്കേണ്ട കാര്യങ്ങളോ ഉണ്ടെങ്കിൽ അതു ചൂണ്ടിക്കാണിക്കുവാനുള്ള ചുമതലയും ഉത്തരവാദിത്വവും മേലുദ്യോഗസ്ഥർക്കുണ്ട്. വിജിലൻസ് ഡയറക്ടർ അത്തരത്തിലുള്ള പരിശോധന നടത്തി തന്റെ അഭിപ്രായം രേഖപ്പെടുത്തി, ആയതു പരിശോധിച്ച് അന്വേഷണ ഉദ്യോഗസ്ഥനു പൂർണ്ണ സ്വാതന്ത്ര്യം നൽകി അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കാനാണ് നിർദ്ദേശം നൽകിയത്. ഇക്കാര്യത്തിൽയാതൊരു വിധ കാലതാമസവും വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ